# സങ്കേതിക പുരോഗതി - ബന്ധങ്ങളുടെ ബന്ധനമോ?

## Is the ever advancing ‘technical connectivity’ leading us to a ‘self imposed confinement’?

സങ്കേതിക തികവിലേക്ക് ദിനംപ്രതി ലോകം കുതിച്ചു കൊണ്ടിരിക്കുന്നു. വിവര, വിജ്ഞാന, വിനോദ, വിനിമയ മേഖലകളിൽ, വിസ്മയ വിസ്ഫോടനങ്ങൾ തീർത്ത്, നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ സങ്കേതിക മേന്മയുടെ, വിവിധ രൂപത്തിലുള്ള കഥാപാത്രങ്ങൾ സ്ഥാനം പിടിച്ചു കഴിഞ്ഞു. സങ്കേതിക മേന്മയുള്ള, എന്നാൽ തികച്ചും സങ്കേതികമോ സാങ്കൽപ്പികമോ അല്ലാത്ത ഈ കഥാപത്രങ്ങൾ ആബാലവൃദ്ധജനങ്ങളുടേയും നിത്യതോഴൻ ആയിക്കൊണ്ടിരിക്കുന്നു.

നാലു പേരുൾക്കൊള്ളുന്ന നാലു ചുമരുകൾക്കുള്ളിൽ, നാലു വ്യത്യസ്ത ലോകം തീർത്തു, മനുഷ്യനും മനുഷ്യനും തമ്മിൽ അതിർവരമ്പുകൾ ഇടാൻ ഈ സങ്കേതിക വീരനു നിഷ്പ്രയാസം കഴിയുന്നു. കമ്പ്യൂട്ടർ ഗെയ്മുകളും, സോഷ്യൽ നെറ്റുവർക്കുകളും, വാർത്താ വിനിമയ ഉപകരണങ്ങളും, മാനുഷിക ബന്ധങ്ങളെ തകർക്കാൻ മത്സരിച്ചു കൊണ്ടിരിക്കുന്നു. പ്രായഭേദം അന്യേ എല്ലാവരേയും കീഴ്പ്പെടുത്തുവാൻ ഇതിന്റെ വിദ്യകൾക്കു കഴിയുന്നു.

കുട്ടികൾക്കു മാതാപിതാക്കളോടുള്ളതിനേക്കാൾ താൽപ്പര്യം കമ്പ്യൂട്ടർ-വീഡിയോ ഗെയ്മുകളിലെ കഥാപത്രങ്ങളോടാക്കുവാൻ വമ്പൻ കോർപ്പറേറ്റുകൾ മത്സരിക്കുമ്പോൾ, കുമിളകളുടെ പോലും ആയുസ്സില്ലാത്ത സുഹൃത്ബന്ധങ്ങളുടെ വലയത്തിലേക്കു ടീനേജുകാരേയും മുതിർന്നവരേയും എത്തിക്കാൻ സോഷ്യൽ നെറ്റുവർക്കുകൾ പ്രയാസ്സപ്പെടുന്നു. നമ്മളിൽ പലരും, ഒരു പക്ഷേ, ആരും തന്നെ ഈ സമസ്യയുടെ നീർച്ചുഴിയിൽ നിന്നും വിമുക്തരല്ല.



Courtesy: Joy Kulanada

ഈ സഹചര്യം നമ്മുടെ വ്യക്തി ജീവിതങ്ങളിൽ, നമ്മുടെ പുതിയ തലമുറയുടെ ആത്മബന്ധങ്ങളിൽ സാരമായ വിള്ളൽ ഏൽപ്പിക്കുവാൻ സാധിക്കുന്നതാണ്. വ്യക്തികൾ സ്വയം തകർന്നു പോകുന്ന അവസരങ്ങളിൽ, തന്നോടൊപ്പം ഉള്ള കുടുംബം, മാതാപിതാക്കൾ, സഹോദരങ്ങൾ, എന്നിവരൊക്കെ അന്യരാണെന്ന തോന്നലുകൾ ഉണ്ടാകാതിരിക്കേണ്ടതിന്റെ ആവശ്യകത വളരെ വലുതാണ്. ഇതിനായി നാം മനപ്പൂർവ്വമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നാം, നമ്മുടെ മാതാപിതാക്കളോട്, ജീവിതപങ്കാളിയോട്, സഹോദരങ്ങളോട്, സൗഹൃദം വർദ്ദിപ്പിക്കുംവിധം ആശയവിനിമയം നടത്താൻ അവസരങ്ങളെ സൃഷ്ടിക്കണം. ഒരു മേശയിൽ ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചോ, പ്രഭാത/സായാഹ്ന സവാരിയിലോ, യാത്രയിലോ, അല്ലെങ്കിൽ കൃത്യമായ ഒരു സമയം മാറ്റിവെച്ചോ അവസരങ്ങളെ കണ്ടെത്തണം. ആത്മാർത്ഥമായ ഒരു തലോടൽ, ഒരു ആലിംഗനം, അല്പം നർമ്മം, എന്തുമായിക്കൊള്ളട്ടെ, നമ്മുടെ വീട്ടിലെ ഒരോ അംഗത്തിനോടും മുടങ്ങാതെ ഇടപെടാൻ നമുക്ക് കഴിയണം. ഈ ഇടപെടൽ സഹിഷ്ണുത ഉള്ളതായിരിക്കണം, സൌഹാർദം വർദ്ദിപ്പിക്കുന്നതായിരിക്കണം, സ്നേഹവും കരുതലും ഊട്ടി ഉറപ്പിക്കുന്നതായിരിക്കണം.

നമ്മളുടെ കുഞ്ഞുങ്ങൾ ഈ സ്നേഹ-സൌഹാർദം കണ്ടു വളരട്ടെ. നാം കാണിച്ചു കൊടുക്കുന്ന പാത, സൗമ്യതയുടേയും, സൌമനസ്യത്തിന്റേയും സൌരഭ്യം വിടരുന്നതാകട്ടെ.

‘‘ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല’’ (സദൃശവാക്യങ്ങൾ 22: 6)

Jose Lukose Nellivila - Secretary

Contacts: 055-4747 468 | 050-553 8163
josenellivila@hotmail.com | josenellivila@yahoo.com